### കേരകർഷകരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ്

# നീര ഉത്പാദനത്തിനുള്ള നിയമ തടസ്സമൊഴിവാക്കാൻ മുൻകൈയെടുക്കും - കേന്ദ്ര മന്ത്രി

**ബാംഗ്ലൂർ:** രാജ്യത്ത് നീര ഉത്പാദനത്തിനുള്ള നിയമ തടസ്സമൊഴിവാക്കാൻ മുൻകൈയെടുക്കുമെന്ന് കേന്ദ്രമന്ത്രി എച്ച്. എൻ. അനന്തകുമാർ പറഞ്ഞു.

നീര ഉത്പാദനത്തിനായി എക്സൈസ്, അബ്കാരി നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്.

ഇതിനായി സംസ്ഥാന കൃഷി മന്ത്രിമാരുടെ വട്ടമേശസമ്മേളനം വിളിച്ചുചേർക്കാർ കേന്ദ്രസർക്കാറിൽ സമർദം ചെലുത്തുമെന്നും അദ്ദേഹം പറഞ്ഞു.

നാളികേരവികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂരിൽ ലോക നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ബാംഗ്ലൂരിൽ നടന്ന ലോക നാളികേര ദിനാഘോഷത്തിന്റെ ഉദ്ഘാടനവേളയിൽ കേരളത്തിന്റെ നീര രുചിക്കുന്ന കേന്ദ്രമന്ത്രി എച്ച്.എൻ. അനന്തകുമാർ. നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ്, കർണാടക ഹോർട്ടികൾച്ചർ പ്രിൻസിപ്പൽ സെക്രട്ടറി രാജീവ് ചൗള എന്നിവർ സമീപം

തെങ്ങിനുള്ള രോഗബാധയും വരൾച്ചയും മൂലം ദുരിത മനുഭവിക്കുന്ന കർഷകരുടെ പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ പ്രത്യേക പാക്കേജ് നടപ്പാക്കും. കേന്ദ്ര രാസവള മന്ത്രിയാണെങ്കിലും കേരകർഷകരുടെ അബാസഡറാകാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. നാളികേര കർഷകരുടെ ക്ഷേമത്തിനും നീര ഉത്പാനത്തിനുമായുള്ള കർമപദ്ധതി നാളികേര വികസന ബോർഡ് മുന്നോട്ട് വെക്കണമെന്നും അനന്തകുമാർ നിർദേശിച്ചു.

നീര ഉത്പാദനത്തിന് അനുവാദം നൽകിയ കേരളത്തിന്റെ നടപടി സ്വാഗതാർഹമാണ്.

നീരയിൽ ആൽക്കഹോളുണ്ടെന്ന തെറ്റായ ധാരണ നിലവിലുണ്ട്. ഇത് മാറ്റിയെടുക്കാൻ സംസ്ഥാന സർക്കാറും നാളികേരവികസന ബോർഡും മുന്നോട്ട് വരണം. നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചാൽ ഒരുഏക്കർ തെങ്ങ് കൃഷിയിൽനിന്ന് ഒരു വർഷം ശരാശരി എട്ട് ലക്ഷം രൂപ വരുമാനം ഉണ്ടാകും. നീര ഉത്പാദന കമ്പനികളിൽ ഓഹരി പങ്കാളിത്തം വേണമെന്ന ആവശ്യം കേന്ദ്ര സർക്കാർ പരിഗണിക്കും. അമ്പത് ശതമാനം കർഷകരുടെ ഓഹരിയും 25 ശതമാനം വീതം കേന്ദ്ര-സംസ്ഥാന സർക്കാറും പങ്ക് വഹിക്കും.

വരൾച്ചയാണ് തെങ്ങ് കൃഷി മേഖല അനുഭവിക്കുന്ന പ്രധാന പ്രശ്നമെന്നും ഇതിന് പരിഹാരം കാണാൻ രാജ്യത്തെ നദികളുടെ സംയോജനമാണ് കേന്ദ്ര സർക്കാർ ലക്ഷ്യം വെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

വാണിജ്യാടിസ്ഥാനത്തിലുള്ള നീര ഉത്പാദനത്തിലാണ് നാളികേര മേഖലയുടെ വികസനമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. നീര ഉത്പാദനത്തിന് കേരളം അംഗീകാരം നൽകിയതിനെത്തുടർന്ന് നീര ഉത്പാദനത്തിനായി കേരളത്തിൽ 12 കമ്പനികൾ രൂപവത്കരിച്ചിട്ടുണ്ട്.

രാജ്യസഭാ എം.പി.യും ബോർഡ് അംഗവുമായ സി.പി. നാരായണൻ, കർണാടക ഹോർട്ടികൾച്ചർ പ്രിൻസിപ്പൽ സെക്രട്ടറി രാജീവ് ചൗള, ഏഷ്യൻ പസഫിക് കോക്കനട്ട് കമ്യൂണിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഊറോൺ എൻ സാൽ, സുഗതാ ഗോഷ് എന്നിവർ സംസാരിച്ചു. കേരളത്തിൽ നിന്നുള്ള എം.എൽ.എ.മാരായ പുരുഷൻ കടലുണ്ടി, കെ. ദാസൻ എന്നിവരും പങ്കെടുത്തു.കർണാടക സർക്കാർ, കർണാടക ഹോർട്ടികൾച്ചർ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടന്ന ദിനാചരണത്തിന്റെ പ്രമേയം ഭാരതത്തിലെ നാളികേര മേഖലയുടെ ഭാവി ഇനി നീരയിലൂടെ എന്നതായിരുന്നു.

## നീര ഉത്പാദനം വേഗത്തിലാക്കും - ടി.കെ. ജോസ്

**ബാംഗ്ലൂർ:** കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള നീര ഉത്പാദനം വേഗത്തിലാക്കുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. നീര ഉത്പാദനത്തിന് കേരളസർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ചില തടസ്സങ്ങൾ കാരണം നീര ഉത്പാദനത്തിനായി മുന്നോട്ട് വന്ന 12 കമ്പനികൾക്കും ലൈസൻസ് പൂർണമായും ലഭിച്ചിട്ടില്ല. ഇതിന് വേഗത്തിൽ പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നീര ഉത്പാദനത്തിമായി 12 കമ്പനികളാണ് കേരളത്തിൽ രൂപവത്കരിച്ചത്. ഇതിൽ അഞ്ചെണ്ണം ഉത്പാദനം തുടങ്ങി. നിലവിലെ നിയമപ്രകാരണം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറാണ് ലൈസൻസ് നൽകേണ്ടത്. പാലക്കാട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസിങ് കമ്പനി നീര ഉത്പാദിപ്പിക്കുന്നുണ്ട്. അഞ്ച് സംസ്ഥാനങ്ങൾ അനുകൂല സമീപനം അറിയിച്ചിട്ടുണ്ട്. നീര ഉത്പാദിപ്പിക്കുന്നതിന് കർഷക യൂണിറ്റുകൾക്കാണ് അനുവാദം നൽകുന്നത്. ഇതിനായി കർഷകർക്ക് പിശീലനം നൽകണം. നീര ഉത്പാദനത്തിനായി അനുവാദം ലഭിച്ച 12 കമ്പനികളുടെ നേതൃത്വത്തിൽ കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.